**THE SYRO-MALANKARA CATHOLIC CHURCH**

**EPARCHY OF MUVATTUPUZHA**

**✠Yoohanon Mar Theodosius**
**Metropolitan of Muvattupuzha**

**Catholic Bishop's House**
**Vazhappilly, Mudavoor P.O,**
**Muvattupuzha -686 669**

Prot. No. CL 01/2019

# <u>സർക്കുലർ</u>

## മൂവാറ്റുപുഴ ഭദ്രാസനത്തിൽ നിന്നും മാർ ഈവാനിയോസ് പിതാവിന്റെ കബറിങ്കലേക്കുള്ള തീർത്ഥാടന പദയാത്ര

വന്ദ്യ കോറെപ്പിസ്കോപ്പാമാരേ, ബഹുമാനപ്പെട്ട വൈദികരേ, സന്യസ്തരേ, ശെമ്മാശൻമാരേ, പ്രിയ വിശ്വാസികളേ,

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ പുണ്യജ്യോതിസ്സായ ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ 66–ാം ഓർമ്മപ്പെരുന്നാൾ ഈ വരുന്ന ജൂലൈ 15 ന് തിരുവനന്തപുരം പട്ടം സെന്റ് മേരീസ് കത്തീഡ്രൽ ദൈവാലയത്തിൽ സഭയൊന്നാകെ ആഘോഷിക്കുകയാണ്. ഓർമ്മപ്പെരുന്നാളിനോടനുബന്ധിച്ച് കഴിഞ്ഞ വർഷം നാം നടത്തിയ അനുഗ്രഹീതമായ ഒരു ശുശ്രൂഷയാണല്ലോ പുണ്യപിതാവിന്റെ കബറിങ്കലേക്കുള്ള **മാർ ഈവാനിയോസ് തീർത്ഥാടന പദയാത്ര.** മൂവാറ്റുപുഴ ഭദ്രാസനത്തെ സംബന്ധിച്ച് ഇദംപ്രഥമമായി നടത്തപ്പെട്ട ഈ തീർത്ഥാടന പദയാത്ര അനേകർക്ക് വലിയ ഒരു സാക്ഷ്യവും, സഭാ തലത്തിൽ വലിയൊരു മുന്നേറ്റവുമായിരുന്നു. പദയാത്രികർക്കു ലഭിച്ച വ്യക്തിപരമായ അനുഗ്രഹങ്ങളെ സംബന്ധിച്ച് നാം ഏറെ കാര്യങ്ങൾ കേൾക്കുകയുണ്ടായി. ഇതിൽ പങ്കെടുത്തവരെയും, ഇതിനോട് സഹകരിച്ച എല്ലാവരെയും നന്ദിയോടെ ഓർക്കുന്നു.

ഈ വർഷത്തെ പദയാത്ര **ജൂലൈ മാസം 7–ാം തീയതി ഞായറാഴ്ച രാവിലെ 6.30–ന് വി. കുർബാനയോടെ നമ്മുടെ കത്തീഡ്രൽ ദൈവാലയത്തിൽ നിന്നും ആരംഭിക്കുന്നു** എന്ന വിവരം ഏവരേയും സന്തോഷപൂർവ്വം അറിയിക്കുന്നു. നമ്മുടെ ഭദ്രാസനത്തിലെ അല്മായ സംഘടനകളായ MCA യും, MCYM വും സംയുക്തമായി ഈ പദയാത്രക്ക് നേതൃത്വം നൽകും. രൂപതയുടെ സാമൂഹ്യ ക്ഷേമ വിഭാഗമായ 'സമൃദ്ധി'യും ഇതിന് വേണ്ടുന്ന സഹായസഹകരണങ്ങൾ നൽകുന്നതാണ്. മൂവാറ്റുപുഴയിൽ നിന്നും ആരംഭിക്കുന്ന പദയാത്ര ജൂലൈ 9–ന് തിരുവല്ല സെന്റ് ജോൺസ് മെട്രോപ്പോലീത്തൻ കത്തീഡ്രലിൽ എത്തിച്ചേരുകയും തുടർന്ന് തിരുവല്ല അതിരൂപതയുടെ പദയാത്രയോട് ചേർന്ന് തിരുവനന്തപുരത്തേക്ക് (പട്ടം കത്തീഡ്രലിലേക്ക്) യാത്ര തുടരുന്നതുമാണ്. വ്യക്തിപരമായ നോമ്പനുഷ്ഠാനത്തോടെ ഈ പദയാത്രയിൽ സംബന്ധിക്കുന്നവർ അതിന്റെ ഭക്തിയും നിഷ്ഠയും നിലനിർത്തുവാൻ പ്രത്യേകം ശ്രദ്ധിക്കണം. അതുപോലെ, നമ്മുടെ എല്ലാ ദൈവാലയങ്ങളിൽ നിന്നും, വിശിഷ്യാ പദയാത്ര കടന്നുപോകുന്ന മേഖലകളിലുള്ള എല്ലാ ഇടവകകളിൽ നിന്നും പരമാവധി വിശ്വാസികളെ ഇതിൽ സംബന്ധിപ്പിക്കുവാൻ ബഹു. വൈദികർ ശ്രദ്ധിക്കണം.

ഈ വർഷത്തെ നമ്മുടെ തീർത്ഥാടന പദയാത്ര എന്തുകൊണ്ടും ഒരു വലിയ സാക്ഷ്യത്തിന്റേതാകണം. എല്ലാവർക്കും അറിയാവുന്നതുപോലെ നമ്മുടെ സഹോദരിസഭകൾ ഈ കാലഘട്ടത്തിൽ

നാനാവിധത്തിലുള്ള വെല്ലുവിളികളെ നേരിടുകയാണ്. എതിർ സാക്ഷ്യത്തിന്റെയും അനൈക്യത്തിന്റെയും മുറിപ്പാടുകൾ സഭാ ഗാത്രത്തെ വല്ലാതെ നൊമ്പരപ്പെടുത്തുന്നു. ഇത്തരുണത്തിൽ, ഐക്യത്തിന്റെ സാക്ഷികളായി, '*ദൈവസമ്പാദനം അത്യുത്തമം*' *എന്ന* വന്ദ്യതാതന്റെ പ്രാർത്ഥനാ മന്ത്രം മനസ്സിൽ സൂക്ഷിച്ചുകൊണ്ട് നമുക്ക് ഒത്തൊരുമിച്ച് ഈ തീർത്ഥാടന പദയാത്രയിൽ പങ്കുചേരാം. നമ്മുടെ വ്യക്തിപരമായ നിയോഗങ്ങളോട് ചേർത്ത് സഭൈക്യത്തിനുവേണ്ടി പ്രാർത്ഥിക്കാം. സഭയുടെ വിശുദ്ധീകരണത്തിനും, പൗരോഹിത്യത്തിന്റെ തിളക്കമാർന്ന സാക്ഷ്യത്തിനുമായി നമുക്ക് സ്വയം സമർപ്പണം നടത്താം. ഈ തീർത്ഥാടന യാത്രയിൽ മലങ്കര സുറിയാനി കത്തോലിക്കാ സഭയെയും വിശിഷ്യാ നമ്മുടെ ഭദ്രാസനത്തെയും പ്രത്യേകം സമർപ്പിച്ച് പ്രാർത്ഥിക്കാം. പ്രായഭേദമെന്യേ കുഞ്ഞുങ്ങളും യുവതീ യുവാക്കൻമാരും പ്രായമായവരും അൽപദൂരമെങ്കിലും ഈ പദയാത്രയിൽ പങ്കുചേർന്ന് അനുഗ്രഹം പ്രാപിക്കാൻ താൽപര്യപ്പെടുന്നു. പുണ്യപിതാവിന്റെ സ്വർഗ്ഗീയ മാദ്ധ്യസ്ഥം ഇതിന് നമ്മെ സഹായിക്കട്ടെ.

ദൈവം നിങ്ങളെ എല്ലാവരെയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ!

എന്ന്,

കർത്താവിൽ നിങ്ങളുടെ വിനീതശുശ്രൂഷി

+ Mar Theodosius

**✠ യൂഹാനോൻ മാർ തെയഡോഷ്യസ്**
മൂവാറ്റുപുഴ ഭദ്രാസന മെത്രാപ്പോലിത്താ

മൂവാറ്റുപുഴ അരമന
19.06.2019

N.B.: ഈ സർക്കുലർ വരുന്ന ഞായറാഴ്ച, നമ്മുടെ എല്ലാ പള്ളികളിലും, മിഷൻ കേന്ദ്രങ്ങളിലും, ആരാധനാ കേന്ദ്രങ്ങളിലും വി. കുർബാനമദ്ധ്യേ വായിക്കേണ്ടതാണ്.